## ശ്ലീഹാക്കാലം രണ്ടാം ഞായർ

**ലൂക്കാ 7:36-50**

# പരിമളം പരത്തുന്ന സ്നേഹം

**റവ.ഡോ. മാർട്ടിൻ കല്ലുങ്കൽ**

ഭക്ഷണത്തിനിരിക്കുന്ന ഈശോയുടെ അരികിൽ സുഗന്ധദ്രവ്യവുമായി എത്തുന്ന ഒരു സ്ത്രീയെ നാലു സുവിശേഷങ്ങളിലും കാണാവുന്നതാണ് (മത്താ 26:6-13, മർക്കോ 14:3-9, ലൂക്കാ 7:36-50, യോഹ 12:1-8). സമാനതകൾ പലതുണ്ടെങ്കിലും ഇവ നാലും വ്യത്യസ്ത സംഭവങ്ങളുടെ വിവരണങ്ങളാകാനുള്ള സാധ്യത വ്യാഖ്യാതാക്കൾ തള്ളിക്കളയുന്നില്ല. ക്രമത്തിൽ ഒന്നാമതായി വരുന്ന വിശുദ്ധ മത്തായിയുടെ വിവരണത്തിനു വ്യാഖ്യാനത്തിലും പ്രഥമ പരിഗണന നല്കണമെന്ന് വിശുദ്ധ അംബ്രോസ് അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും, സ്ത്രീകൾക്കു സവിശേഷ പ്രാധാന്യം നല്കുന്ന വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ വിവരണത്തിനു ശ്രദ്ധേയമായ അനന്യതയുണ്ട്.

## ഫരിസേയന്റെ വീട്ടിലെ ഭക്ഷണം

ലൂക്കായുടെ സുവിശേഷത്തിൽ മൂന്നിടങ്ങളിൽ ഫരിസേയരോടൊപ്പം ഭക്ഷണം കഴിക്കുന്ന യേശുവിനെ കാണാം. യേശുവിന്റെ നിശിതമായ വിമർശനങ്ങൾക്ക് ഇരയായവരും യേശുവിനെ കുടുക്കാൻ പലവട്ടം തന്ത്രങ്ങൾ മെനഞ്ഞവരുമാണ് ഫരിസേയർ. ശത്രു-മിത്രഭേദമന്യെ എല്ലാവരെയും സ്നേഹിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന ഒരു മനസ്സും ജീവിതശൈലിയുമാണ് ഫരിസേയന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കുന്ന യേശുവിൽ നാം കാണുന്നത്. എന്നാൽ ഫരിസേയൻ യേശുവിനു നല്കിയ ഭക്ഷണം ആത്മാർത്ഥമായ സ്നേഹാദരവുകളിൽ നിന്നു വന്നതല്ലായിരുന്നുവെന്ന് സാവധാനം വ്യക്തമാകുന്നുണ്ട്. സമൂഹത്തിൽ നിലവിലിരുന്ന ആതിഥ്യമര്യാദകൾ ശിമയോൻ പാലിച്ചില്ല. ഇക്കാര്യം യേശു ശ്രദ്ധിക്കുകയും എടുത്തുപറയുകയും ചെയ്യുന്നുണ്ട്. സ്വീകരണചുംബനം നല്കിയില്ല, കാലുകൾ കഴുകാൻ വെള്ളം നല്കിയില്ല, ശിരസ്സിൽ തൈലാഭിഷേകം നടത്തിയില്ല. പണവും സമയവും മുടക്കി വലിയ വിരുന്ന് നല്കിയെങ്കിലും തന്റെ ഹൃദയവാതിലുകൾ യേശുവിനായി തുറക്കാനോ വിശ്വാസത്തിൽ നിന്നുളവാകുന്ന സ്നേഹപ്രകടനങ്ങളോടെ അവനെ അവിടെ സ്വീകരിച്ചിരുത്താനോ ആ ഫരിസേയൻ തയ്യാറായില്ല. നമ്മുടെ വിവിധങ്ങളായ മതാനുഷ്ഠാനങ്ങളിലെ ആ ഫരിസേയശൈലി തിരിച്ചറിഞ്ഞു തിരുത്തൽ വരുത്താൻ ഈ സംഭവം നമ്മെ സഹായിക്കേണ്ടതാണ്.

## പാപിനിയുടെ കടന്നുകയറ്റം

ശിമയോന്റെ വീട്ടിലെ ക്ഷണിക്കപ്പെടാത്ത അതിഥിയാണ് പേരില്ലാത്ത പാപിനി. ആ വീട്ടിൽ യേശുവുണ്ടെന്ന് അവളെയാരും അറിയിച്ചതല്ല, അവൾ അറിഞ്ഞതാണ്. പട്ടണത്തിൽ ആരും തിരിച്ചറിയുന്ന പാപിനിക്ക് എങ്ങനെയാണ് ഫരിസേയന്റെ വീട്ടിലേക്കു കയറിച്ചെല്ലാനുള്ള ധൈര്യമുണ്ടായത്? തീർച്ചയായും, അവൾ നടന്നു കയറിയതു ഫരിസേയന്റെ വീട്ടിലേക്കല്ല, യേശുവിന്റെ ഹൃദയത്തിലേക്കാണ്. അവൾ ആഗ്രഹിച്ചതും അന്വേഷിച്ചതും ഫരിസേയന്റെ വിരുന്നുമേശയല്ല, യേശുവിന്റെ പാദങ്ങളാണ്. അവൾ വന്നത് എന്തെങ്കിലും ലഭിക്കുമെന്ന് പ്രതീക്ഷിച്ചല്ല, അവൾക്കേറ്റവും വിലപ്പെട്ടതും കൊടുക്കാനാണ്. ആതിഥേയന്റെ ക്ഷണപ്രകാരമല്ല, അതിഥിയായ യേശുവിന്റെ ആകർഷണശക്തിയാലാണ് അവൾ വന്നത്. ദൈവജനം ദേവാലയത്തിലേക്കു വരുന്നതു പരിശുദ്ധനായവനെ ദർശിക്കാനും സ്പർശിക്കാനുമാണ്. മറ്റാരെയും കാണാനല്ല. പലവിധത്തിൽ പ്രാർത്ഥിക്കുന്ന, ദൈവത്തെ തേടുന്ന പാവപ്പെട്ട വിശ്വാസികളെ പരുഷമായി വിധിച്ചു തള്ളാതെ അവരിൽ നിന്ന് പഠിക്കാനാണ് പള്ളികളിലെ പരികർമ്മികളും അവരുടെ സഹകാരികളും ശ്രമിക്കേണ്ടത്.

## പാപിനിയുടെ പ്രാർത്ഥനാപ്രവൃത്തികൾ

മുഴുവൻ സംഭവത്തിലും സംസാരിക്കാത്ത ഒരു കഥാപാത്രമാണ് പാപിനി. എന്നാൽ ബാക്കിയെല്ലാവരുടെയും ചിന്തകളും സംസാരവും അവളെക്കുറിച്ചാണ്. കാരണം, ഒന്നും മിണ്ടാതെ വളരെ വാചാലമായി സംവദിക്കാൻ അവൾക്കു കഴിഞ്ഞു. അവളുടേതു വാചികപ്രാർത്ഥനയല്ല, മറിച്ചൊരു പ്രാർത്ഥനാ-പ്രവൃത്തിയാണ്. യേശുവിന്റെ പാദത്തിനരികെ നിൽക്കാനാണ് അവൾ തീരുമാനിച്ചത്. യേശുവിന്റെ മുമ്പിൽ വരാൻ അവൾ ആഗ്രഹിച്ചതേയില്ല. പിന്നിൽ നിന്നു വസ്ത്രത്തിന്റെ വിളുമ്പിൽ മാത്രം സ്പർശിക്കാനാഗ്രഹിച്ച സ്ത്രീയെ ഇവിടെ സ്മരിക്കണം. യഹൂദരുടെ രീതിയനുസരിച്ച് ഉയരം കുറഞ്ഞ കട്ടിലിൽ പുറകോട്ട് ചാരിയിരുന്ന് ഭക്ഷണം കഴിക്കുന്ന യേശുവിന്റെ പാദങ്ങൾ പുണർന്ന് ചുംബിച്ചുകൊണ്ടിരിക്കുന്ന ആ പാപിനി തീർച്ചയായും, മുട്ടിൻമേലോ അതുമല്ലെങ്കിൽ സാഷ്ടാംഗ പ്രണാമത്തിലോ ആയിരുന്നിരിക്കണം. പാപിയുടെ രക്ഷ പരിശുദ്ധനായവന്റെ പാദങ്ങളിലാണ്. അഗാധമായ എളിമ അതു സൂചിപ്പിക്കുന്നു. കണ്ണീരു കൊണ്ടു പാദങ്ങൾ കഴുകിയെന്ന് പറയുമ്പോൾ രണ്ടു കാര്യങ്ങൾ വ്യക്തമാണ്. ഒന്ന്, ഹൃദയപൂർവകമായ അനുതാപമാണ് കണ്ണീരായി ഒഴുകിയത്. രണ്ടു പാദങ്ങൾ കഴുകാൻ മാത്രം കണ്ണീരുണ്ടായി എന്നതിൽ നിന്ന് അവളുടെ അനുതാപം പൂർണമായിരുന്നുവെന്ന് മനസ്സിലാക്കാം. അനുതാപമില്ലാതെയോ അപൂർണമായ അനുതാപത്തോടെയോ കുമ്പസാരത്തിനണയുന്നവർ പാപിനിയിൽ നിന്നു പഠിക്കട്ടെ.

ഇതുവരെ, ബാഹ്യാലങ്കാരം മാത്രമായിരുന്ന മുടികൊണ്ട് അവൾ യേശുവിന്റെ പാദങ്ങൾ തുടച്ചു. യേശുവിന്റെ പാദത്തിനു കീഴിലാണ് തന്റെ ശിരസ്സും ശിരോലങ്കാരങ്ങളുമെന്ന് അവളിന്ന് അറിയുന്നു. പിന്നീടവൾ ഒരു വെൺകൽഭരണിയിൽ കരുതിയിരുന്ന സുഗന്ധതൈലം പുണ്യത്തിന്റെ പ്രതീകമാണ്. പട്ടണത്തിലെ പരസ്യപാപിനിക്ക് ഒരു വെൺകൽഭരണി നിറയെ രഹസ്യപുണ്യങ്ങളുണ്ടായിരുന്നു. പകൽമാന്യന്മാർ നിറഞ്ഞ ആ ഭവനത്തിൽ അനുതപിച്ച പാപിനിയുടെ പുണ്യത്തിന്റെ പരിമളം നിറയുന്നു.

യേശുവിന്റെ പാദത്തിൽ സുഗന്ധതൈലം പൂശുന്ന ഈ സ്ത്രീ സഭയുടെ പ്രതീകമാണെന്നു വിശുദ്ധ അലക്സ് പറയുന്നു. അനേകം പൂക്കളിൽ നിന്നാണല്ലോ സുഗന്ധദ്രവ്യം തയ്യാറാക്കുന്നത്. അതുപോലെ, അനുതപിക്കുന്ന സഭാതനയരുടെ സുകൃതങ്ങളുടെ നിക്ഷേപമാണ് അനുദിനബലികളിൽ സഭ തന്റെ ശിരസ്സായ ക്രിസ്തുവിന്റെ പാദങ്ങളിൽ ചൊരിയുന്നത്.

## യേശുവിന്റെ അറിവ്

യേശു ആളുകളുടെ ഉള്ളറിയാൻ കഴിവുള്ള പ്രവാചകനാണോ എന്നു സംശയിക്കുന്ന ഫരിസേയനെ നാം കാണുന്നു. എന്നാൽ, പാദം പുണർന്നു കരയുന്ന പാപിനിയെ മാത്രമല്ല അവളുടെ നിരവധിയായ പാപത്തെക്കുറിച്ചും യേശുവിന്റെ ആധികാരികതയെക്കുറിച്ചും ആവലാതിപ്പെടുന്ന ശിമയോന്റെ ആത്മഗതങ്ങൾ പോലും യേശു അറിയുന്നുണ്ട്. ഈ അറിവിന്റെ വെളിച്ചത്തിലാണ് സുപ്രധാനമായ ഒരു ഉപമ ഈശോ പറയുന്നത്.

## രണ്ടു കടക്കാർ

പാപിനിയും ശിമയോനുമാണ് രണ്ടു കടക്കാർ എന്നതു വ്യക്തം. യേശുവിനോടു കടപ്പാടുണ്ടായതുകൊണ്ടാണ് ഇരുവരും യേശുവിനായി സ്നേഹപ്രവൃത്തികൾ ചെയ്തത്. ശിമയോൻ യേശുവിനായി ഭക്ഷണമൊരുക്കി നല്കി. പാപിനി എളിയ ഒരു പ്രാർത്ഥനാപ്രവൃത്തി ചെയ്തു. വലിയ കടം ഇളച്ചു കിട്ടിയവരുടെ പ്രതിസ്നേഹം യേശു കണ്ടതു പാപിനിയുടെ പ്രാർത്ഥനാപ്രവൃത്തിയിലായിരുന്നു. അവളതു ചെയ്തപ്പോഴാണ് തന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നുവെന്ന കാര്യം യേശുവിൽ നിന്നവൾ അറിയുന്നത്. സ്നേഹിക്കലാണ് സ്നേഹിക്കപ്പെടാനുള്ള ഏകവഴി.

ഈ രണ്ടു കടക്കാർ തെരഞ്ഞെടുക്കപ്പെട്ട ജനവും വിജാതീയരുമാണെന്നു സഭാപിതാക്കന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. കൂടുതൽ നല്കപ്പെട്ട സ്വന്തം ജനം കൂടുതൽ സ്നേഹിക്കേണ്ടതാണ്. കുറച്ചുമാത്രം നല്കപ്പെട്ട വിജാതീയരെപ്പോലെയല്ല സഭാതനയർ യേശുവിനെ സ്നേഹിക്കേണ്ടത്. വിജാതീയരുടെ നീതിയെ അതിശയിക്കുന്ന നീതിയും സ്നേഹവും യേശുശിഷ്യർക്കു വേണം.